Reg. No. : ....................................

Name : ........................................

**FY 49**

**IMPROVEMENT**
**JULY 2019**

Time : 2½ Hours
Cool-off time : 15 Minutes

Part – III

# ACCOUNTANCY WITH ANALYSIS OF FINANCIAL STATEMENTS

Maximum : 80 Scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**Answer all questions from 1 – 9. Each carries 1 Score.** $(9 \times 1 = 9)$

1. The advantages of a computer system does not include :

   (a) Accuracy (b) Reliability

   (c) Costly (d) Versatility

2. The data type suitable for entering 'Marks' in a database is _____.

   (a) Text (b) Memo

   (c) Number (d) None

3. Cheque issued but not presented for payment results in _____.

   (a) Decrease in cash book balance (b) Increase in cash book balance

   (c) No change in cash book balance (d) None of the above

4. _____ is a list of debit and credit balances taken out from ledger.

   (a) Trial Balance (b) P & L account

   (c) Balance Sheet (d) None of these

5. The one which is different from others is _____ in connection with elements of computer system.

   (a) Data (b) People

   (c) Hardware (d) Reports

6. The feature of accounting that states that 'Accounting information must be free from bias and errors' is _____.

   (a) Reliability (b) Relevance

   (c) Understandability (d) Comparability

**1 മുതൽ 9 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം. (9 × 1 = 9)**

1. ഒരു കമ്പ്യൂട്ടർ സിസ്റ്റത്തിന്റെ മേന്മയിൽ ഉൾപ്പെടാത്തത്:

   (a) കൃത്യത (b) വിശ്വാസ്യത

   (c) ചെലവേറിയത് (d) ബഹുമുഖ ഉപയുക്തത

2. ഒരു ഡാറ്റാബേസിൽ 'മാർക്ക്' രേഖപ്പെടുത്താൻ അനുയോജ്യമായ ഡാറ്റാ ടൈപ്പ് ______ ആണ്.

   (a) ടെക്സ്റ്റ് (b) മെമ്മോ

   (c) നമ്പർ (d) ഇവയൊന്നുമല്ല

3. നൽകിയതും ബാങ്കിൽ സമർപ്പിക്കാത്തതുമായ ചെക്കിന്റെ ഫലം ______.

   (a) ക്യാഷ് ബുക്ക് ബാലൻസ് കുറയുന്നു

   (b) ക്യാഷ് ബുക്ക് ബാലൻസ് വർദ്ധിക്കുന്നു

   (c) ക്യാഷ് ബുക്ക് ബാലൻസിൽ മാറ്റമില്ല

   (d) ഇവയൊന്നുമല്ല

4. ഒരു ലെഡ്ജറിൽ നിന്ന് എടുത്ത ഡെബിറ്റ്, ക്രെഡിറ്റ് ബാലൻസുകളുടെ പട്ടികയാണ് ______.

   (a) ട്രയൽ ബാലൻസ് (b) P & L അക്കൗണ്ട്

   (c) ബാലൻസ് ഷീറ്റ് (d) ഇവയൊന്നുമല്ല

5. കമ്പ്യൂട്ടർ സമ്പ്രദായത്തിന്റെ ഘടകങ്ങളുമായി ബന്ധപ്പെട്ട് വേറിട്ടു നിൽക്കുന്നത് ______ ആണ്.

   (a) ഡാറ്റാ (b) ആളുകൾ

   (c) ഹാർഡ്‌വെയർ (d) റിപ്പോർട്ടുകൾ

6. അക്കൗണ്ടിംഗ് വിവരങ്ങൾ പക്ഷപാതപരമല്ലാത്തതും തെറ്റുകളില്ലാത്തതുമായിരിക്കണം എന്ന് പ്രസ്താവിക്കുന്ന അക്കൗണ്ടിംഗ് സവിശേഷത ______ ആണ്.

   (a) വിശ്വാസ്യത (b) പ്രസക്തി

   (c) ഗ്രാഹ്യത (d) താരതമ്യപ്പെടുത്തൽ

7. _____ discount persuade the buyer to buy more goods.

8. _____ are used to enter data in database.

(a) Tables (b) Forms

(c) Queries (d) Reports

9. Net loss occurs when :

(a) expenses are greater than income. (b) expenses are lower than income.

(c) expenses are equal to income. (d) None of the above

**Answer all questions from 10 to 17. Each carries 2 Scores.** **(8 × 2 = 16)**

10. List out any 4 source documents used in accounting.

11. Arrange the following assets in the order of liquidity :

closing stock, cash in hand, bank balance, furniture, goodwill, bills receivable.

12. Expand MICR and VDU.

13. Due to which accounting concept, the quality of the management team is not disclosed in the financial statements ? Briefly explain.

14. What does the debit and credit balances as shown by Pass Book implies ?

15. Anu requests Minu to renew a bill for 25,000 for 3 months with interest @ 12% p.a. Calculate the amount of the new bill.

7. കൂടുതൽ സാധനങ്ങൾ വാങ്ങാൻ വാങ്ങുന്നയാളെ പ്രേരിപ്പിക്കുവാൻ നൽകുന്ന കിഴിവാണ് ______.

8. ഡാറ്റാബേസിൽ ഡാറ്റ രേഖപ്പെടുത്തുവാൻ ______ ഉപയോഗിക്കുന്നു.

(a) ടേബിളുകൾ (b) ഫോമുകൾ

(c) ക്വറികൾ (d) റിപ്പോർട്ടുകൾ

9. അറ്റ നഷ്ടം ഉണ്ടാകുന്നത് :

(a) വരുമാനത്തേക്കാൾ ചെലവ് അധികരിക്കുമ്പോൾ

(b) വരുമാനത്തേക്കാൾ ചെലവ് കുറയുമ്പോൾ

(c) ചെലവ് വരുമാനത്തിന് തുല്യമാകുമ്പോൾ

(d) ഇവയൊന്നുമല്ല

**10 മുതൽ 17 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 2 സ്കോർ വീതം. (8 × 2 = 16)**

10. അക്കൗണ്ടിംഗിൽ ഉപയോഗിക്കുന്ന ഏതെങ്കിലും നാല് ഉറവിട രേഖകളെ പട്ടികപ്പെടുത്തുക.

11. തന്നിരിക്കുന്ന ആസ്തികളെ ലിക്വിഡിറ്റി ക്രമത്തിൽ എഴുതുക.

ക്ലോസിംഗ് സ്റ്റോക്ക്, ക്യാഷ് ഇൻ ഹാന്റ്, ബാങ്ക് ബാലൻസ്, ഫർണിച്ചർ, ഗുഡ്‌വിൽ, ബിൽസ് റിസീവബിൾ

12. MICR, VDU എന്നിവയുടെ പൂർണരൂപം എഴുതുക.

13. ഏത് അക്കൗണ്ടിംഗ് ആശയം കാരണമാണ് മാനേജ്മെന്റ് ടീമിന്റെ ഗുണനിലവാരം ധനകാര്യ പത്രികയിൽ വെളിപ്പെടുത്താത്തത് ? ചുരുക്കി വിവരിക്കുക.

14. പാസ്സ് ബുക്കിലെ ഡെബിറ്റ്, ക്രെഡിറ്റ് ബാലൻസുകൾ എന്താണ് അർത്ഥമാക്കുന്നത് ?

15. 12% വാർഷിക പലിശയോടെ 3 മാസത്തേക്ക് 25,000 രൂപയുടെ ബില്ല് പുതുക്കി നൽകാൻ അനു, മിനുവിനോട് ആവശ്യപ്പെടുന്നു. പുതിയ ബില്ലിന്റെ തുക കണ്ടുപിടിക്കുക.

16. Complete the table.

| Transactions | Special Journal |
|---|---|
| Bought furniture for cash | ? |
| Bought furniture on credit | ? |

17. Write two examples each for Revenue and Capital expenditures.

**Answer any 5 questions from 18 to 23. Each carries 3 Scores.** **(5 × 3 = 15)**

18. State the objectives of preparing Trial Balance.

19. A firm purchases a machinery for ₹ 60,000 and decided to depreciate 90% of its cost over a period of 10 years.

(a) Calculate the amount of depreciation.

(b) Distinguish between straight line method and written down value method. (2 points)

20. Dheeraj started a business with a capital of ₹ 1,00,000 on 1-1-2017. At the end of the year his position was as follows :

Cash ₹ 50,000, Debtors ₹ 40,000, Stock ₹ 30,000, Furniture ₹ 25,000, Building ₹ 60,000, Creditors ₹ 45,000. Calculate his profit or loss.

21. Write the terms mentioned in the following concepts with regard to bill of exchange :

(1) Amount of bill met on maturity ______________.

(2) Amount of bill met before maturity ______________.

(3) Amount of bill not met on maturity ______________.

16. പട്ടിക പൂർത്തിയാക്കുക :

| ഇടപാടുകൾ | പ്രത്യേക ജേർണൽ |
|---|---|
| ഫർണിച്ചർ പണം കൊടുത്ത് വാങ്ങിച്ചു | ? |
| ഫർണിച്ചർ കടമായി വാങ്ങിച്ചു | ? |

17. റവന്യൂ ചെലവുകൾക്കും മൂലധന ചെലവുകൾക്കും രണ്ട് വീതം ഉദാഹരണങ്ങൾ എഴുതുക.

**18 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(5 × 3 = 15)**

18. ട്രയൽ ബാലൻസ് തയ്യാറാക്കുന്നതിന്റെ ലക്ഷ്യങ്ങൾ പറയുക.

19. ഒരു സ്ഥാപനം 60,000 രൂപയുടെ മെഷിനറി വാങ്ങുകയും 10 വർഷത്തെ കാലയളവിൽ ചെലവിന്റെ 90% മൂല്യക്ഷയം കണക്കാക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

(a) മൂല്യക്ഷയത്തിന്റെ തുക കണ്ടുപിടിക്കുക

(b) സ്ട്രെയ്റ്റ് ലൈൻ രീതിയും റിട്ടൺ ഡൗൺ രീതിയും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക. (2 എണ്ണം)

20. 1-1-2017 ന് ധീരജ് 1,00,000 രൂപ മൂലധനം കൊണ്ട് ബിസിനസ്സ് ആരംഭിച്ചു. വർഷാവസാനം അയാളുടെ സാമ്പത്തിക നില താഴെപ്പറയും പ്രകാരമാണ് :

ക്യാഷ് 50,000 രൂപ, ഡെബ്റ്റേഴ്സ് 40,000 രൂപ സ്റ്റോക്ക് 30,000 രൂപ, ഫർണിച്ചർ 25,000 രൂപ, ബിൽഡിങ് 60,000 രൂപ, ക്രെഡിറ്റേഴ്സ് 45,000 രൂപ. അയാളുടെ ലാഭ-നഷ്ടം കണക്കാക്കുക.

21. വിനിമയ ബില്ലുമായി ബന്ധപ്പെട്ട് താഴെ പറഞ്ഞിരിക്കുന്ന ആശയങ്ങളിൽ പരാമർശിച്ചിട്ടുള്ള പദങ്ങളുടെ പേരെഴുതുക :

(1) ബിൽ കാലാവധിയിൽ തുക നൽകി ______.

(2) ബിൽ കാലാവധിക്ക് മുമ്പേ തുക നൽകി ______.

(3) ബിൽ കാലാവധിക്ക് തുക നൽകിയില്ല ______.

22. Fill up the following table :

| Transactions | P & L account | Balance Sheet |
|---|---|---|
| Rent unpaid | Added with rent on the debit side | ? |
| Interest on capital | ? | Added with capital on the liability side |
| Depreciation on furniture | Debited | ? |

23. Calculate operating profit.

Cash sales ₹ 1,50,000

Credit sales ₹ 50,000

Net profit is 20% on total sales

Non-operating expenses ₹ 5,000

Non-operating incomes ₹ 1,000.

**Answer any 3 questions from 24 to 27. Each carries 4 Scores.** **(3 × 4 = 12)**

24. Match the following :

| A | B |
|---|---|
| Owners | True and fair disclosure of accounting information. |
| Lenders | Claim higher wages and bonus. |
| Tax authority | Return on investment. |
| Employees | Repaying capacity. |

25. Identify the type of error and rectify.

(1) Sales for ₹ 10,000 to Malavika was not entered in the sales book.

(2) Wages paid ₹ 4,000 for the erection of a machine debited to wages account.

22. തന്നിരിക്കുന്ന പട്ടിക പൂരിപ്പിക്കുക :

| ഇടപാടുകൾ | ലാഭ-നഷ്ട കണക്ക് | ബാക്കി പത്രം |
|---|---|---|
| വാടക കുടിശ്ശിക | ഡെബിറ്റ് ഭാഗത്ത് വാടകയോടൊപ്പം ചേർക്കും | ? |
| മൂലധന പലിശ | ? | ബാധ്യത ഭാഗത്ത് മൂലധനത്തോടൊപ്പം ചേർക്കും |
| ഫർണിച്ചറിൽ മൂല്യക്ഷയം | ഡെബിറ്റ് ചെയ്യും | ? |

23. ഓപ്പറേറ്റിങ് പ്രോഫിറ്റ് കണ്ടുപിടിക്കുക

ക്യാഷ് സെയിൽസ് – 1,50,000 രൂപ

ക്രെഡിറ്റ് സെയിൽസ് – 50,000 രൂപ

നെറ്റ് പ്രോഫിറ്റ് – ആകെ സെയിൽസിന്റെ 20%

നോൺ ഓപ്പറേറ്റിങ് ചെലവുകൾ – 5,000 രൂപ

നോൺ ഓപ്പറേറ്റിങ് വരവുകൾ – 1,000 രൂപ

**24 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം. (3 × 4 = 12)**

24. ചേരും പടി ചേർക്കുക:

| എ | ബി |
|---|---|
| ഉടമസ്ഥർ | അക്കൗണ്ടിംഗ് വിവരങ്ങളുടെ ശരിയായതും ന്യായമായതുമായ വെളിപ്പെടുത്തൽ |
| പണം കടം കൊടുക്കുന്നവർ | ഉയർന്ന വേതനവും ബോണസും ആവശ്യപ്പെടും |
| നികുതി അധികാരി | നിക്ഷേപ നേട്ടം |
| തൊഴിലാളികൾ | തിരിച്ചടവ് ശേഷി |

25. ഏത് തരം തെറ്റാണെന്ന് എഴുതുക, തെറ്റ് തിരുത്തുക.

(1) 10,000 രൂപയുടെ സാധനങ്ങൾ മാളവികക്ക് വില്പന നടത്തിയത് വില്പന ബുക്കിൽ രേഖപ്പെടുത്തിയില്ല.

(2) മെഷിനറി സ്ഥാപിക്കുവാൻ വേതനയിനത്തിൽ നൽകിയ 4,000 രൂപ വേതന അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു.

26. The following information is provided by Mr. Unni :

Opening stock ₹ 1,00,000

Purchases ₹ 3,42,000

Carriage inwards ₹ 14,000

Wages ₹ 25,000

Sales ₹ 4,29,000

Return inwards ₹ 10,000

Return outwards ₹ 12,000

Carriage outwards ₹ 7,000

Closing stock ₹ 1,60,000

Compute the following :

(a) Total direct expenses

(b) Cost of goods sold

(c) Gross profit

27. A business purchased goods for ₹ 1,00,000 and sold 80% of such goods. The market value of the remaining goods is ₹ 16,000. The firm valued closing stock at cost price. Identify and explain the accounting principle violated here.

**Answer any 4 questions from 28 to 32. Each carries 5 Scores.** **(4 × 5 = 20)**

28. Journalise the following transactions :

(1) Withdrew goods for domestic use ₹ 2,000.

(2) Bought machinery from Omega Ltd for ₹ 18,000.

(3) Paid rent to Babu by cheque ₹ 4,000.

(4) Received a cheque from Prasad for ₹ 11,000 and allowed him discount ₹ 1,000.

26. ടി. ഉണ്ണി നൽകുന്ന വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത് :

ഓപ്പണിംഗ് സ്റ്റോക്ക് – 1,00,000 രൂപ

പർച്ചേയ്സസ് – 3,42,000 രൂപ

ക്യാരിയേജ് ഇൻവേർഡ്സ് – 14,000 രൂപ

വേജസ് – 25,000 രൂപ

സെയിൽസ് – 4,29,000 രൂപ

റിട്ടേൺ ഇൻവേർഡ്സ് – 10,000 രൂപ

റിട്ടേൺ ഔട്ട്‌വേർഡ്സ് – 12,000 രൂപ

ക്യാരിയേജ് ഔട്ട്‌വേർഡ് – 7,000 രൂപ

ക്ലോസിങ്ങ് സ്റ്റോക്ക് – 1,60,000 രൂപ

ഇനി പറയുന്നവ കണ്ടെത്തുക :

(a) ടോട്ടൽ ഡയറക്റ്റ് എക്സ്പെൻസസ്

(b) കോസ്റ്റ് ഓഫ് ഗുഡ്സ് സോൾഡ്

(c) ഗ്രോസ്സ് പ്രോഫിറ്റ്

27. ഒരു ബിസിനസ്സ് സ്ഥാപനം 1,00,000 രൂപയുടെ സാധനങ്ങൾ വാങ്ങുകയും അതിന്റെ 80% വില്പന നടത്തുകയും ചെയ്തു. ശേഷിക്കുന്ന സാധനങ്ങളുടെ വിപണി മൂല്യം 16,000 രൂപയാണ്. സ്ഥാപനം വർഷാന്ത്യ സ്റ്റോക്കിന്റെ മൂല്യനിർണയം നടത്തിയത് അതിന്റെ വാങ്ങിയ വിലയ്ക്കാണ്. ഇവിടെ പാലിക്കപ്പെട്ട അക്കൗണ്ടിംഗ് ആശയത്തെ തിരിച്ചറിഞ്ഞ് വിവരിക്കുക.

**28 മുതൽ 32 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(4 × 5 = 20)**

28. തന്നിരിക്കുന്ന ഇടപാടുകളുടെ ജേർണൽ എൻട്രികൾ എഴുതുക :

(1) ഗാർഹികാവശ്യത്തിനായി 2,000 രൂപയുടെ സാധനങ്ങൾ പിൻവലിച്ചു.

(2) രമേശ് ലിമിറ്റഡിൽ നിന്നും 18,000 രൂപയുടെ മെഷിണറി വാങ്ങി.

(3) ബാബുവിന് വാടകയായി 4,000 രൂപയുടെ ചെക്ക് നൽകി.

(4) പ്രസാദിൽ നിന്നും 11,000 രൂപയുടെ ചെക്ക് ലഭിക്കുകയും 1,000 രൂപ കിഴിവ് അനുവദിക്കുകയും ചെയ്തു.

29. Prepare a Bank Reconciliation Statement.

(1) Debit balance of cash book ₹ 14,000.

(2) Cheques issued but not presented to the bank ₹ 3,800.

(3) Interest credited in the pass book ₹ 400.

(4) Cheques paid in but not cleared ₹ 3,100.

(5) Discounted bill dishonoured ₹ 2,100.

30. On 1st May 2015, a machine was purchased for ₹ 60,000. It was sold for ₹ 45,000 on 30th June 2017 and a new machine was purchased for ₹ 20,000. Accounts are closed on 31st December every year. Show machine account by charging 10% p.a. depreciation on straight line method upto December 2017.

31. Ascertain the amount of total sales from the following information :

| | |
|---|---|
| Debtors as on 1-1-2017 | ₹ 20,000 |
| Debtors as on 31-12-2017 | ₹ 26,000 |
| Cash received from debtors | ₹ 48,000 |
| Returns inwards | ₹ 3,000 |
| Discount allowed | ₹ 1,500 |
| Bills receivable | ₹ 12,000 |
| Bad debts written off | ₹ 1,000 |
| Bills receivable dishonoured | ₹ 5,000 |
| Cash sales during the year | ₹ 43,000. |

32. On 10th April 2018 Aman sold goods to Alan for ₹ 12,000 and drew a 3 months bill which was accepted by Alan. Aman discounted the bill on the same date at 6% p.a. with his bank. At maturity the bill was dishonoured. Give necessary journal entries in the books of Aman.

29. ബാങ്ക് അനുരഞ്ജന പട്ടിക തയ്യാറാക്കുക.

(1) ക്യാഷ് ബുക്കിലെ ഡെബിറ്റ് ബാലൻസ് – 14,000 രൂപ.

(2) നൽകിയതും ബാങ്കിൽ സമർപ്പിക്കാത്തതുമായ ചെക്കുകൾ – 3,800 രൂപ.

(3) പാസ്സ് ബുക്കിൽ ക്രെഡിറ്റ് ചെയ്ത പലിശ – 400 രൂപ.

(4) ബാങ്കിൽ നൽകിയതും പിരിഞ്ഞ് കിട്ടാത്തതുമായ ചെക്കുകൾ 3,100 രൂപ.

(5) ഡിസ്കൗണ്ട് ചെയ്ത ബിൽ നിരാകരിക്കപ്പെട്ടത് 2,100 രൂപ.

30. 2015 മെയ് 1 ന് 60,000 രൂപയുടെ ഒരു മെഷിനറി വാങ്ങുന്നു. 2017 ജൂൺ 30 ന് അത് 45,000 രൂപക്ക് വിൽക്കുകയും, പുതിയ മെഷിനറി 20,000 രൂപക്ക് വാങ്ങുകയും ചെയ്തു. അക്കൗണ്ടുകൾ തീർപ്പാക്കുന്നത് എല്ലാ വർഷവും ഡിസംബർ 31-നാണ്. സ്ട്രെയ്റ്റ് ലൈൻ രീതിയിൽ 10% വാർഷിക നിരക്കിൽ മൂല്യക്ഷയം കണക്കാക്കി 2017 ഡിസംബർ വരെയുള്ള മെഷിനറി അക്കൗണ്ട് തയ്യാറാക്കുക.

31. തന്നിരിക്കുന്ന വിവരങ്ങളിൽ നിന്നും ആകെ സെയിൽസ് കണ്ടുപിടിക്കുക :

1-1-2017ലെ ഡെബ്റ്റേഴ്സ് – 20,000 രൂപ

31-12-2017ലെ ഡെബ്റ്റേഴ്സ് – 26,000 രൂപ

ഡെബ്റ്റേഴ്സിൽ നിന്നും പണം ലഭിച്ചത് – 48,000 രൂപ

റിട്ടേൺ ഇൻവേർഡ്സ് 3,000 രൂപ

ഡിസ്കൗണ്ട് അനുവദിച്ചത് – 1,500 രൂപ

ബിൽസ് റിസീവബിൾ – 12,000 രൂപ

കിട്ടാക്കടം എഴുതി തള്ളിയത് – 1,000 രൂപ

ബിൽസ് റിസീവബിൾ നിരാകരിക്കപ്പെട്ടത് – 5,000 രൂപ

നടപ്പുവർഷത്തെ പണത്തിലുള്ള വില്പന – 43,000 രൂപ

32. 2018 ഏപ്രിൽ 10ന് അമൻ 12,000 രൂപയുടെ സാധനങ്ങൾ അലന് വിൽക്കുകയും 3 മാസ കാലാവധിയിൽ ഒരു ബിൽ തയ്യാറാക്കുകയും അത് അലൻ അംഗീകരിക്കുകയും ചെയ്യുന്നു. അന്നേ ദിവസം തന്നെ അമൻ ആ ബിൽ തന്റെ ബാങ്കിൽ 6% വാർഷിക നിരക്കിൽ ഡിസ്കൗണ്ട് ചെയ്തു. കാലാവധി ദിവസം ബിൽ നിരാകരിക്കപ്പെടുന്നു. അമന്റെ ബുക്കിൽ ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

**Answer any 1 question from 33 and 34 which carries 8 Scores.** **(1 × 8 = 8)**

33. From the following Trial Balance, prepare Trading and Profit and Loss account and Balance Sheet as on 31st December 2017.

**Trial Balance as on 31-12-2017**

| | Debit | Credit |
|---|---|---|
| Opening stock | 3,000 | |
| Purchases and sales | 14,000 | 22,000 |
| Returns | 1,000 | 1,500 |
| Wages | 2,000 | |
| Carriage inwards | 1,000 | |
| Salaries | 3,200 | |
| Insurance | 800 | |
| Discount | | 500 |
| Debtors and creditors | 6,000 | 8,000 |
| Furniture | 4,000 | |
| Buildings | 18,000 | |
| Bank overdraft | | 3,000 |
| Capital | | 20,000 |
| Drawings | 2,000 | |
| | **55,000** | **55,000** |

**Other Information :**

(1) Closing stock was ₹ 8,400

(2) Bad debts written off ₹ 1,000

(3) Create a provision for doubtful debts at 5% on debtors

(4) Wages outstanding ₹ 1,000 and insurance paid in advance ₹ 200

(5) Depreciate buildings by 10%.

34. "Recording all business transactions in a single journal is too inconvenient and complex."

(a) In this context state the need for maintaining special journals in a business.

(b) Explain the various special journals used by business firms.

**33 മുതൽ 34 വരെ ചോദ്യങ്ങളിൽ 1 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ.**

**(1 × 8 = 8)**

33. തന്നിരിക്കുന്ന ട്രയൽ ബാലൻസിൽ നിന്നും ഡിസംബർ 31, 2017 ന് അവസാനിക്കുന്ന വ്യാപാര-ലാഭ-നഷ്ട കണക്കും ബാക്കി പത്രവും തയ്യാറാക്കുക.

**31-12-2017 ന്റെ ട്രയൽ ബാലൻസ്**

| | ഡെബിറ്റ് | ക്രെഡിറ്റ് |
|---|---|---|
| ഓപ്പണിങ് സ്റ്റോക്ക് | 3,000 | |
| പർച്ചേയ്സസ് & സെയിൽസ് | 14,000 | 22,000 |
| റിട്ടേൺസ് | 1,000 | 1,500 |
| വേജസ് | 2,000 | |
| ക്യാരിയേജ് ഇൻവേർഡ്സ് | 1,000 | |
| സാലറീസ് | 3,200 | |
| ഇൻഷുറൻസ് | 800 | |
| ഡിസ്കൗണ്ട് | | 500 |
| ഡെബ്റ്റേർസ് & ക്രെഡിറ്റേർസ് | 6,000 | 8,000 |
| ഫർണിച്ചർ | 4,000 | |
| ബിൽഡിംഗ് | 18,000 | |
| ബാങ്ക് ഓവർഡ്രാഫ്റ്റ് | | 3,000 |
| ക്യാപിറ്റൽ | | 20,000 |
| ഡ്രോയിങ്സ് | 2,000 | |
| | **55,000** | **55,000** |

**മറ്റു വിവരങ്ങൾ :**

(1) വർഷാന്ത്യ സ്റ്റോക്ക് 8,400 രൂപ.

(2) കിട്ടാക്കടം എഴുതി തള്ളിയത് 1,000 രൂപ.

(3) ഡെബ്റ്റേർസിന് മുകളിൽ 5% സംശയാസ്പദ കരുതൽ ധനം വേണം.

(4) കൂലി കൊടുക്കാനുള്ളത് 1,000 രൂപ, ഇൻഷുറൻസ് മുൻകൂറായി കൊടുത്തത് 200 രൂപ.

(5) കെട്ടിടത്തിന്റെ 10% മൂല്യക്ഷയം നടത്തണം.

34. "ഒരു ജേർണലിൽ എല്ലാ ബിസിനസ്സ് ഇടപാടുകളും രേഖപ്പെടുത്തുന്നത് സങ്കീർണവും പ്രയാസകരവുമാണ്."

(a) ഈ പശ്ചാത്തലത്തിൽ ബിസിനസ്സിൽ പ്രത്യേക ജേർണലുകൾ സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുക.

(b) ബിസിനസ്സ് സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന വിവിധതരം പ്രത്യേക ജേർണലുകളെ കുറിച്ച് വിശദമാക്കുക.